# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 966      25.01.2018 -ലെ മറുപടി

## പെരിയാർ വാലി പ്രോജക്ട്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ആന്റണി ജോൺ | | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) 2013-ൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ ഭൂതത്താൻകെട്ട് ബാരേജിന്റെ സമീപം 15 വീടുകൾ ഒഴുകിപോയതിനെത്തുടർന്ന് പെരിയാർ വാലിയുടെ വെള്ളം കെട്ടിച്ചാൽ എന്ന സ്ഥലത്ത് കുടിൽ കെട്ടി താമസിക്കുന്നവരെ പുനരധിവസിപ്പിക്കുവാനുള്ള നടപടിയുടെ പുരോഗതി വിശദീകരിക്കാമോ;<br><br>(ബി) പെരിയാർ വാലി പ്രോജക്ടിന് ആവശ്യമില്ലാത്തതും പി.വി.ഐ.പി യുടെ കൈവശം ഇരിക്കുന്നതുമായ ഭൂമി പുനരധിവാസത്തിന് ഉപയോഗിക്കുന്നതിന് തടസ്സമുണ്ടോ; വിശദീകരിക്കാമോ; | (എ) യും (ബി) യും | പി.വി.ഐ.പി.യുടെ കൈവശം ഇരിക്കുന്ന ഭൂമി പുനരധിവാസത്തിന് ഉപയോഗിക്കുന്നതിന് തടസ്സമില്ലാത്തതും പി.വി.ഐ.പി.യുടെ ആലുവ ഡിവിഷനു കീഴിലുള്ള കോലഞ്ചേരി സബ്ഡിവിഷൻ നം.7 ന്റെ പരിധിയിൽ ഉപയോഗരഹിതമായി നിലകൊള്ളുന്ന 0.7757 ഹെക്ടർ ഭൂമി ലൈഫ് മിഷന്റെ പരിധിയിൽപെടുത്തി ഭവനനിർമ്മാണത്തിനായി പരിഗണിക്കാവുന്നതുമാണ്. |
| (സി) ഇവരുടെ പുനരധിവാസവുമായി പിണ്ടിമന ഗ്രാമപഞ്ചായത്തും, എം.എൽ.എ യും സമർപ്പിച്ച നിവേദനങ്ങളിൽ എന്ത് തീരുമാനമെടുത്തു എന്ന് വിശദീകരിക്കാമോ? | (സി) | പുനരധിവാസം സംബന്ധിച്ച ശുപാർശയിന്മേൽ നടപടി സ്വീകരിക്കേണ്ടത് റവന്യു വകുപ്പാണ്. റവന്യു വകുപ്പിൽ നിന്നും ശുപാർശ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യം പരിശോധിക്കുവാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ